Circular No: 166
CEFAC Collection
Holy Thursday - 2015

The Catholic
Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 07-03-2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

നമ്മുടെ മൂന്നാമത് അതിരൂപതാ അസംബ്ലിയിൽ നിന്നുരുത്തിരിഞ്ഞ ദർശനങ്ങളും പ്രസക്തമായ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച 'അസംബ്ലി ഡോക്യുമെന്റ്' എല്ലാ പള്ളികളിലും ലഭിച്ചു എന്നു കരുതുന്നു. നമ്മുടെ അജപാലന പ്രവർത്തനത്തിൽ മാർഗ്ഗദർശനം നൽകുന്ന ഈ 'അസംബ്ലി രേഖ' ബഹു. വികാരിയുടെ നേതൃത്വത്തിൽ ഇടവകയിലെ പാരീഷ് കൗൺസിലിലും കൂടാരയോഗങ്ങളിലും പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കുകയും അതിന്റെ വെളിച്ചത്തിൽ ഉചിതമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോഴാണല്ലോ അതിരൂപതാ അസംബ്ലിയുടെ സംഭാവനകൾ ദൈവജനത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കും സഹായകരമായി മാറുന്നത്.

അസംബ്ലിയുടെ നിർദ്ദേശങ്ങളിലൊന്ന് ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് (CEFAK) തുടർ പദ്ധതിയായി മുന്നോട്ടു കൊണ്ടുപോകണമെന്നുള്ളതാണ്. എല്ലാ കുടുംബങ്ങളും ഒരു മാസത്തെ വരുമാനം മൂന്നു വർഷംകൊണ്ട് നല്കി അതിരൂപതയിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സമർത്ഥരായ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള സഹായം പലിശരഹിത വായ്പയായി നല്കുക എന്നതായിരുന്നു നമ്മുടെ ഉദ്ദേശ്യം. ലക്ഷ്യം വച്ച അത്രയും തുക നമുക്ക് സമാഹരിക്കാൻ സാധിക്കാത്തതുകൊണ്ട് കുട്ടികളുടെ എണ്ണവും കൊടുക്കുന്ന തുകയും പരിമിതപ്പെടുത്തേണ്ടതായി വന്നു. എന്നിരുന്നാലും നാളിതുവരെയും 4,39,49,049 രൂപ സമാഹരിക്കുവാനും 750 കുട്ടികൾക്കായി വിദ്യാഭ്യാസ സഹായം നല്കുവാനും സാധിച്ചു എന്നത് അഭിമാനകരമാണ്. ഇതിന്റെ വിശദമായ കണക്കുകൾ CEFAC ന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിലേയ്ക്ക് സഹകരിച്ച എല്ലാവരോടും പ്രത്യേകം നന്ദി പറയുന്നു.

എല്ലാ വർഷവും പെസഹാ വ്യാഴാഴ്ച ഈ നിയോഗത്തിലേയ്ക്ക് പ്രത്യേക സംഭാവന സ്വീകരിക്കണമെന്നുള്ള അതിരൂപതാ അസംബ്ലിയുടെ നിർദ്ദേശം ഏറെ സ്വീകാര്യമാണ്. ആയതിനാൽ ഈ ഫണ്ടിന്റെ പ്രാധാന്യം ബഹു. വികാരി അച്ചന്മാർ മുൻകൂട്ടി പള്ളികളിൽ അറിയിച്ച് പെസഹാ വ്യാഴാഴ്ച ഈ നിയോഗത്തിലേയ്ക്ക് സംഭാവനകൾ സ്തോത്രക്കാഴ്ചയായി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. എല്ലാ കുടുംബങ്ങളും കുറഞ്ഞത് ഒരു ദിവസത്തെ വരുമാനമെങ്കിലും പേരെഴുതിയ കവറുകളിലാക്കി സ്തോത്രക്കാഴ്ചയായി സമർപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കവറുകളിൽ ലഭിക്കുന്ന സംഭാവനകൾ ഇടവകയിലെ ഓരോ കുടുംബത്തിന്റെയും CEFAC അക്കൗണ്ടിൽ ഉൾപ്പെടുത്തേണ്ടതും സമാഹരിക്കുന്ന തുക അതിരൂപതാ കാര്യാലയത്തിൽ മെയ് 10 ന് മുമ്പായി ഏൽപ്പിക്കേണ്ടതുമാണ്. ഈശോയുടെ പീഡാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമായ ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടെയും പങ്കുവെക്കലിന്റെയും ഈ അവസരത്തിൽ നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 മാർച്ച് 22 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.